**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2279** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് സെന്റർ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | നാദാപുരം താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് സെന്ററിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന എല്ലാ ജോലികളും പൂർത്തിയായി. എന്നാൽ നിലവിൽ ഡയാലിസിസ് യൂണിറ്റിലേക്ക് സർവീസ് ഇലക്ട്രിക് കണക്ഷന്റെ കണക്ടഡ് ലോഡ് (Connected Load) ഉയർത്തി കിട്ടുന്നതുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവൃത്തികൾ നടന്നുവരുന്നു. ടി. പ്രവൃത്തികൾ പൂർത്തിയായ ഉടൻ തന്നെ ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നിലവിൽ തടസ്സങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ബി) | നാദാപുരം താലൂക്ക് ആശുപത്രി ഇലക്ട്രിക്കൽ മെയിൻ പാനലിൽ നിന്നും ഡയാലിസിസ് സെന്ററിലേക്കുള്ള പവർ സപ്ലൈ ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമല്ലാത്തതാണ് പ്രധാന തടസ്സം. ആശുപത്രി മെയിൻ പാനലിൽ അധിക ലോഡിനെ ഉൾക്കൊള്ളാനുള്ള ശേഷി കുറവ് ഉണ്ടന്ന് സൈറ്റ് പരിശോധനയിൽ നിന്നും വിലയിരുത്തിയിരുന്നു. നിലവിലെ അധിക വൈദ്യുതി ഉപയോഗം കാരണം നിലവിലുള്ള കെ.എസ്.ഇ.ബി യുടെ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറിൽ നിന്നും ഡയാലിസിസ് സെന്ററിന്റെ അധിക ലോഡ് കൂടി ഉൾക്കൊള്ളുവാൻ ശേഷി ഉണ്ടാകില്ലെന്ന് കെ.എസ്.ഇ.ബി അധികൃതർ അറിയിച്ചിട്ടുണ്ട്. നിലവിലെ സർവീസ് കണക്ഷന്റെ ലോഡ് ഉയർത്തുന്നതിനു വേണ്ടിയുള്ള അധിക പ്രവൃത്തികൾ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി (KHRWS) മുഖേന ചെയ്തു വരുകയാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായ ഉടൻ തന്നെ എക്യുപ്മെന്റ്സ് ഇൻസ്റ്റാൾ ചെയ്ത് ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ